
K.K.M.G.V.H.S.S ELIPPAKULAM
E- തൂലിക
LITTLE KITES
2018-19
little KITEs
ഡിജിറ്റൽ മാഗസിൻ

# ആശംസ



ഹൈ-ടെക് സാങ്കതികവിദ്യ പൊതുവിദ്യാഭ്യാസത്തിന്റെ മുഖചരായയയാകെമാറ്റിയ ഈ കാലഘട്ടത്തിൽ,ലിറ്റിൽ കൈറ്റ്സ് എന്നസംരംഭത്തിലൂടെ വിദ്യാർഥികൾ സാങ്കേതികാഭിവൃദ്ധി പ്രാപിച്ചതിന്റെ തെളിമ ആലേഖനം ചെയ്യപ്പെട്ടതിൽ ഈ സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സ് എന്നനിലയിൽ ഞാൻ ഏറെ അഭിമാനിക്കുന്നു.വിദ്യാരംഗം ,ഗാന്ധിദർശൻ, സയൻസ്ക്ലബ് എന്നിവയുടെ സംഭാവനകൾ "*ഇ - മാഗസിനെ*" വർണോജ്ജ്വലമാക്കിയെന്നതിൽ ഹൃദയസ്മിതം അർപ്പിക്കുന്നു. അദ്ധ്വാനിച്ച ഓരോ മനസ്സുകളേയും അഭിനന്ദിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

*സുലേഖ സലിം.പി. എസ്*
*പ്രധാന അധ്യാപിക*

## <u>സന്ദേശം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ര്രൂപീകരിച്ച ലിറ്റിൽ കൈറ്റിസ് കൂട്ടായ്മ 2018–19 തയാറാക്കുന്ന"*ഇ–തൂലിക*" എന്ന ഡിജിറ്റൽ മാഗസ്സിന്റെ ഉള്ള ടക്കവും അവതരണവും വളരെ വ്യത്യാസ്ഥമായിട്ടുണ്ട്.ഇതിൽ പ്ര വർത്തിച്ച എല്ലാ കുട്ടുകാർക്കും എന്റെ ഹൃദയം നിറഞ്ഞ ആശം സകൾ നേരുന്നു.

വേണു
**എസ്. എം. സി ചെയർമാൻ**


# എഡിറ്ററുടെ കുറിപ്പ്



വാക്കുകളും വരകളും –
സംഗമമായ് പെയ്തിറങ്ങി
സർഗ്ഗരചനകളുടെ നിഴലാട്ടം
മനസ്സും ഭാവനയും ഇഴചേർന്ന–
നിമിഷങ്ങൾ
സാങ്കേതികവിദ്യ ഇണക്കുരുവിയായി –
ചേർന്നുനിന്ന നാഴികകൾ
കരവിരുതിന്റെ അക്ഷരപ്രപഞ്ചം.......
മനോമുകുളങ്ങള് മലരുകളായി
പെയ്തിറങ്ങി.................
അഭിനന്ദിക്കാതെ വയ്യ......
' ലിറ്റിൽ കൈറ്റ് ' സിലെ അരുമകളെ.........
'താരടീച്ചർ ' 'സജിത് സാർ' –നന്മയുടെ നറുതേൻ
നേരുന്നു
'വിദ്യാരംഗം,ഗാന്ധിദർശൻ,സയൻസ് ക്ലബ് ' –
കൂട്ടായ്മയ്ക്ക് ഒരായിരം നന്ദി...
ഉയിരിൽ നിന്നും ഉണ്മയിൽ നിന്നും ..
ഉയിർക്കൊള്ളട്ടെഉജ്ജ്വല നാമ്പുകൾ
ഇനിയും............ഇനിയും..........
നന്ദി.........നന്ദി .............
ഒരായിരം നന്ദി............
അദ്ധ്വാനത്തിന്റെ നിമിഷങ്ങൾക്ക്
മനസ്സിന്റെ മർമ്മരങ്ങൾക്ക്
ഒരുമയുടെ ഓർമ്മയ്ക്ക്
സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ചൈതന്യത്തിന്

എഡിറ്റർ
സുജ ജോർജ്ജ്,മലയാളം അധ്യാപിക

## അമ്മ



അമ്മേ....എനിക്ക് അമ്മയെ ഇഷ്ടമാണ്
ആ സ്നേഹത്തിൻ മറ്റൊരു സ്നേഹമില്ല
അമ്മയുടെ കനിവിൽ ഞാൻ
അലിയും.....
അമ്മയല്ലാതെ മറ്റൊരു ദൈവമില്ല
അമ്മയാണ് എന്നുടെ ദൈവം
അമ്മയുടെ കാരുണ്യം കാണുമ്പോ
എന്റെ ഹൃദയം തുടിക്കുന്നു
ഈ ഹൃദയത്തിൽ അമ്മയല്ലാതെ
മറ്റാരുമില്ല
അമ്മയാണ് എന്റെ ജീവൻ
അമ്മതൻ ആദ്യാക്ഷരം ചൊല്ലിത്തരും.
അമ്മയുടെ മിഴികളിൽ  സ്നേഹം മാത്രം
ആദ്യ അക്ഷരം 'അമ്മ' എന്നാണ്
അമ്മതൻ  വാത്സല്യം തന്നിടും സ്നേഹവും തന്നിടും
അമ്മ എൻ വിളക്കായി നിന്നീടും
ആ സുന്ദര പുഞ്ചിരിയിൽ ഞാൻ അലിയും.
അമ്മയുടെ ആദ്യാക്ഷരം ഞാൻ ഓർത്തിടുന്നു
അമ്മ എൻ പ്രാണനാണ്.
എൻ ഹൃദയത്തിൽ വിളക്കായി നിന്നീടും
ആ കൃപയിൽ  ഞാൻ ചൊരിഞ്ഞിടും
എന്റെ അമ്മയാണ് എന്റെ ജീവൻ
എൻ ഹൃദയത്തിലമ്മ മാത്രം
എന്റെ കണ്ണിലമ്മയുടെ മുഖം മാത്രം
അമ്മേ....എനിക്ക് അമ്മയെ ഇഷ്ടമാണ്
ആ സ്നേഹത്തിൽ മറ്റൊരു സ്നേഹമില്ല.....

അനിഷ്മാ–എസ്സ്    5 A

# Dr.A.P.J.ABDUL KALAM

Avul Pakir Jainulabdeen Abdul kalam(born 15 October 1931) usually refered to as Dr.A.P.J. Abdul kalam, is an Indian scientist and administrator who served as the 11th president of India form 2002 to 2007 . Before his term as president he worked as an aerospace engineer with Defence Research and Development Organisation (DRDO) and Indian space Research and organisation ( ISRO) .Kalam is popularly known as the *missile man of India* for his work on the development of ballistic missile and lunch vehicle technology. Kalam advocated plans to develop india into a developed nation by 2020 in his book India 2020.He has recived several prestigious awards, including the Bharat Ratna ,India's highest civilian honour kalam known for his motivational speeches and interaction with the student community in India. He launched his mission for the youth of the nation in 2011 called the *what can I Give Movement with a central* theme to defeat corruption in India.



Shahin Abbas .s
IX-D

## കുട്ടികളുടെ ജീവിതം
## നശിപ്പിക്കും ലഹരി

ഇന്ന് സ്കൂൾ കുട്ടികൾ ലഹരി വസ്തുക്കളുടെ അടിമയാണ് . ഇങ്ങനെ കുട്ടികളുടെ ജീവിതമാണ് നശിക്കുന്നത്. പഠനം, വികാരം ബുദ്ധി, ഇതെല്ലാമാണ് നശിക്കുന്നത്.ഇതിന് അടിമയാകുന്ന കുട്ടികൾ മറ്റുള്ളവരെ കുടിയാണ് നശിപ്പിക്കുന്നത്.നമ്മൾ ജീവിതം ആസ്വദിച്ച ജീവിക്കണം.എന്നാൽ ഇന്നത്തെ കാലത്ത് അമ്മയാരാപെണ്ങൾ ആരാ എന്ന് പോലും ഇതിന് അടിമയായവർക്കറിയില്ല . ഇത് ഉപയോഗിക്ന്നവരുടെ ജീവിതം ഇതിനു വേണ്ടിമാത്രമാണ്.ഇതിനാൽ എത്രപേർക്ക് അപകടം പറ്റുന്നു . കേരളം ഇതിനടിമപ്പെട്ടിരിക്കുകയാണ്.ജീവിതത്തിന് ഒരർത്ഥവും ഇല്ല ഇത് ഉപയോഗിക്കുന്നവർക്ക്. പരസ്പരബന്ധമില്ലാതെയാണ് ലഹരി മരുന്നുകൾ ഉപയോഗിക്കുന്നവർ സംസാരിക്കുന്നതു ജീവിക്കുന്നതും . ഇവർ നശിക്കുന്നത് മാതാപിതാക്കളുടെ അശ്രദ്ധാമൂലമാണ്.പണ്ടത്തെ കാലത്ത് സ്കൂൾ ജീവിതം പഠിക്കാനും ആസ്വദിക്കാനുമായിരുന്നു. ഇന്ന് ലഹരി വസ്തുക്കൾ ഉപയോഗിക്കുവാനും കൈമാറുവാനും ഉള്ള ഒരിടമായി സ്കൂളുകൾ. ഇത് ഉപയോഗിക്കുന്നവർക്ക് എന്ത് ആനന്ദമാണ് കിട്ടുന്നത്?ഇത്ഉപയോഗിക്കുന്നതിലല്ലല്ലോ ആനന്ദം?ലഹരി ഉപയോഗിക്കുന്നതല്ലലോ യഥാർഥ ആനന്ദം?മറ്റുള്ള വരുമായി ഇടപ്പെടാൻ ലഹരിയുപയോഗിക്കുന്നവർക്ക് കഴിയില്ല.

മറ്റുള്ളവരെ കണ്ടാണ് കുട്ടികൾ ഉപയോഗിക്കുന്നത്. ഇന്നത്തെ കൂടുതൽ കുട്ടികളുടെ ജീവിതവും ലഹരിയിലാണ്.കുട്ടികൾ മാത്രമല്ല വലിയവരും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു . സമൂഹത്തിൽ കൂടുതൽപേരും ലഹരിവസ്തുക്കൾക്കടിമയാണ്

ഇതിൽ നിന്ന് മോചനം നേടാൻ നമ്മൾ തന്നെ വിചാരിക്കണം .1) ഇതിന പ്രതിവിധിയെന്ന് പറയുന്നത് ലഹരിവസ്തുക്കള് കടത്തുന്നവരെ ആദ്യം പിടിക്കുക .2) ഇതിൽ അടിമയായായകുട്ടികളെ ചികിത്സിച്ച് ഭേദമാക്കുക 3)നാം വിചാരിച്ചാൽ ലഹരിയില്ലാത്ത പുതു ലോകം നമ്മുക്ക് സൃഷ്ടിക്കാം

ശ്രീരാം.പി.എസ്
(7.A)


## മുത്തശ്ശിപ്ലാവ്



കഥകളേറെ അറിഞ്ഞൊരാ മുത്തശ്ശിപ്ലാവിന്റെ
കഥ കഴിഞ്ഞു'
തണലേകി വളർത്തിയ കുരുന്നുകളുടെ
തലയിൽ പതിക്കാതെചാഞ്ഞുവീണു.
അക്ഷരത്തിരുമുറ്റത്തൊരുകോണിലെ
ഹരിതചിത്രംമാഞ്ഞുപോയി.
കത്തിക്കാളുമർക്കനെത്തടയുവാൻ
ദലമില്ല ദലമർമ്മരമില്ലീയങ്കണത്തില
തണൽതേടിയലയുംകുരുന്നുകൾക്കിരിക്കുവാൻ
കൽപ്പടവുകൾ മാത്രം.
മരവാഴകളണ്ണാറക്കണ്ണന്മാർ  നരിച്ചീറുകൾ
പ്രകൃതിയുടെ തുലനം പാലിച്ചേമക്കൾ പൊൻകാതലിൽ
പൊന്നും കേട്ടും– തീർക്കാതെ
അറിവുകൾ നിറച്ചൊരാപൊൻ കാതലില്ലുളി
നടത്തിച്ചെത്തിമിനുക്കി
കറുത്തചുവരാക്കി ആദ്യാക്ഷരംനുകരുവാൻ നൽകിടെണം
അക്ഷരത്തേൻനുകർന്നാക്കുരുന്നുകൾ
മണ്ണും മരവുമറിയുന്ന
മർത്ത്യനായി മാറിടേണം

റസീന ഐ
അധ്യാപിക

# പുനർജന്മം



പുതുസൂര്യൻ തംബുരുമീട്ടിയോ
പുതവേരുകൾ തന്ത്രികൾ മീട്ടിയൊ
പുതുനാമ്പുകൾ തളിരിലകൾ വിടർത്തിയോ
പുനർജന്മം വന്നെന്നെ തഴുകിയോ

കരുത്തായി വളരണം
കഥകളേറെയറിയണം
നിറനിലാവിലലിയണം
നിറച്ചാർത്തായിമാറണം
കാറ്റിനാൽ തഴുകണം
ദലമർമ്മരമായിനിയും പാടണം

ചേക്കകിളികൾക്ക് കൊമ്പൊരുക്കണം
അണ്ണാറക്കണ്ണനഭയമാകണം
അക്ഷരമറിവായി നുകരണം
അക്ഷരമുറ്റത്തെപ്പൊന് കാതലാകണം
പഴുത്തില വീഴ്തിയാ ലോകതത്വം
പച്ചിലകളെ പഠിപ്പിക്കണം

റസീന ഐ
അധ്യാപിക

# INSPIRING WORDS OF A.P.J ABDUL KALAM



*You have to dream before your dreams come true
*Dream is not what see in sleep is the thing which doesn't you sleep
*You can not change your future. But you can change your habits.
And surely your habits will change your future
It is very easy to defeat some one,but it is very hard to win someone.

*Success is when your "signature changes to "Autograph".

*One best book is equal to hundred good friends but one good friend is equal to a library.

*Your best teacher is your last mistake.

*Don't read success stories,you will only get a message. Read failure stories ,you will get some ideas to get success.
.
*If you want to shine like a sun, first burn like a sun.

***Shahin Abbas.s***
***9-D***

## സൗഹൃദം

സൗഹൃദം നല്ല സൗഹൃദം
പുഴകളാകുന്ന പുഴകളും
കിളികളാകുന്ന കിളികളും
മരങ്ങളും നമ്മുടെ പ്രകൃതിയിൽ
സൗഹൃദം ചമക്കുന്നു.
പറഞ്ഞുതീരാത്ത സൗഹൃദം
പ്രകൃതിയിൽ നിറഞ്ഞു നില്ക്കുന്നു
പ്രകൃതിയിൽ പച്ച വൃക്ഷങ്ങൾ
തമ്മിൽ പച്ചപ്പുമാതിരി
സൗഹൃദം സമ്പാദിക്കുന്നു.
മിഴികൾ പാടുമീ സൗഹൃദം പാടുമീ
സൗഹൃദം നമ്മളൊന്നായി.
പ്രകൃതിയിൽ  സൗഹൃദം നമ്മെ
നോക്കി പുഞ്ചിരിച്ചുകൊണ്ടേയിരിക്കുന്നു.
പിണങ്ങിയാലും ഇണങ്ങിയാലും
നമ്മുടെ സൗഹൃദം ഒന്നാണ്.
പുഞ്ചിരിയോടെ ഉറങ്ങുന്ന സൗഹൃദം
ശാന്തിയുടെ ലോകം നമ്മുടെ സൗഹൃദം.

ശ്രുതി.എസ്.
VIII B

# കാത്തിരിപ്പ്

നാളുകൾ ഏറെ കഴിഞ്ഞിരിക്കുന്നു. എന്റെ കണ്ണുനീരിന് ഇതുവരെഒരു അവസാനവും വന്നിട്ടില്ല. കാത്തിരുന്നു മടുത്തു . ഞാൻ ഏറെ സ്നേഹിച്ചിരുന്ന എന്റെ ചേട്ടൻ............എന്റെ ചെറു പ്പത്തിൽ തന്നെ അമ്മ ഞങ്ങളെ വിട്ടുപോയി .ആ വിഷമത്തിൽ തന്നെ അച്ഛൻ ഒരു മദ്യപാനിയായി മാറിക്കഴിഞ്ഞിരുന്നു.അ ങ്ങനെ അച്ഛനു മദ്യപാനം ഒരു ശീലമായി .കരൾ തകരാറിലുമാ യി. വീട്ടിലാകെ ദാരിദ്ര്യം. അങ്ങനെ പന്ത്രണ്ട് വയസുള്ള എന്റെ ചേട്ടൻ അന്യനാട്ടിലേക്ക് ജോലി തേടി പോകാൻ ഉള്ള ശ്രമം നടത്തി.ഞാനാദ്യമൊന്നും സമ്മതിച്ചില്ല.കാരണം എന്റെ ചേട്ടനെ പിരിഞ്ഞിരിക്കാൻ എനിക്ക് കഴിയില്ലായിരുന്നു.എന്നെ ചെ റുപ്പം തൊട്ടുനോക്കിയത് എന്റെ ചേട്ടനായിരുന്നു കുഞ്ഞു നാൾ തൊട്ട് ഞാൻ കണ്ട ആദ്യ മുഖം എന്റെ ചേട്ടന്റേതാ യിരുന്നു .ഏട്ടൻ ബോംബെയിലേക്ക് പോകാൻ തയ്യാറായി . ട്രെയിൻ കയറി............

ഞാനും അച്ഛനും ഒറ്റയ്ക്കായി എട്ട് വയസ്സുള്ള ഞാൻ അച്ഛനെയെങ്ങനെ നോക്കും ? സഹായിക്കാൻ ആരുമില്ല . എന്നാലും ഞാൻ എന്റെ അച്ഛനെ എന്നെകൊണ്ട് പറ്റുന്നതുപോലെ നോക്കിയിരുന്നു.അരിവാങ്ങാൻ പൈസ ഇ ല്ലായിരുന്നതിനാൽ,അടുത്തുള്ള ചായക്കടയിൽ ഞാൻ ജോലി ചെയ്യാൻപോയി.അവിടുത്തെ പാത്രങ്ങൾ കഴുകി അവിടെ നിന്നു കിട്ടുന്ന പൈസയ്ക്ക് ഞങ്ങൾ അരിയും,തേങ്ങയും വാങ്ങി.അങ്ങ നെ മാസങ്ങൾ കഴിഞ്ഞു.ഒരു ദിവസം ചായക്കടയിൽ ഒരു കത്ത് വന്നു.അത്ഭുതം തന്നെ ചേട്ടന്റെ കത്ത്.അതിൽ അധികം ഒന്നും തന്നെഎഴുതിയിരുന്നില്ല.ചേട്ടൻ അവിടെയെത്തിയെന്നും ഒരു ചെറിയ ജോലി ശരിയായി യെന്നും,താമസിക്കാൻ ഒരു

ലോഡ്ജ് ആയി എന്നും . പിന്നെ കത്തുകൾ ഒന്നും തന്നെ വന്നിരുന്നില്ല.അച്ഛന് അസുഖ വളരെ കൂടി.എനിക്കെന്തു ചെയ്യണമെന്നറിയില്ല . താമസിക്കാതെ അച്ഛൻ മരിച്ചു . എന്നും ഞാൻ ഒറ്റയ്ക്കായി . കൂട്ടിനും ആരുമില്ല . അച്ഛൻ മരിച്ചു എന്ന് പറഞ്ഞ് ഏട്ടനു ഞാൻ കത്തയച്ചു .പക്ഷെ,ഏട്ടനോ ഏട്ടന്റെ കത്തോ വന്നില്ല . നാളുകൾ കഴിഞ്ഞു
വർഷങ്ങൾ പിന്നിട്ടു.........

എനിക്ക് പതിനെട്ട് വയസ്സായി .

ഇന്ന് എന്റെ ഏട്ടന്റെ പിറന്നാൾ ആയിരുന്നു . ഞാൻ എന്റെ ഏട്ടനെ ഓർത്ത് ഒത്തിരി കരഞ്ഞു . ഒരുപാട് ഓർമകൾ എന്റെ മനസ്സിൽ ഓടിയെത്തി . ചെറുപ്പം മുതലേ ഏട്ടൻ എന്നെ നോക്കിയതും വളർത്തിയതും ഉറക്കിയതും കുളിപ്പിച്ചതും ആഹാരം വാരിത്തന്നതും അമ്പിളിമാമനെ കാണിച്ചതും . എന്നാണ് എന്റെ ഏട്ടൻ വരുന്നത് ? ഞാൻ കാത്തിരിക്കുന്നു . എന്താണ് ? ഏതാണ് ?എവിടെയാണ് ?ഒന്നും തന്നെ എനിക്കറിയില്ല.വരും എന്റെ ഏട്ടൻ എന്നെങ്കിലും ..........................

ഫാത്തിമ ഫൈസല്
IX – D

# ഭൂമിദേവത

അലയുന്ന മണ്ണിൽ കണ്ണുനീർത്തുള്ളിയായാ-
യുധപ്പുരകളായ് മാനുഷരും
ഒരു നാളീമണ്ണിൽ മനശാന്തിയേകും
മരുപ്പച്ച വിരിയുമോ ആരറിഞ്ഞു ?
ഭൂമിതൻ കവിളിലായ് മുത്തം കൊടുത്തൊരാ
ഹരിതമാം സ്നേഹമതെങ്ങുപോയി ?
കാടും മലയും കടന്നുവരുന്നൊരാ
കരിമുകിൽ പെൺകൊടിയെങ്ങുപോയി ?
കാത്തിരിക്കും മഴക്കാർമേഘമാകുന്ന
പൊന്നിളം തുവലതെങ്ങുപോയി ?
"ഒരു തുള്ളി വെള്ളം " എന്നാർത്തുവിളിച്ച
കണ്ഠവളങ്ങു തേങ്ങിക്കരഞ്ഞിടുന്നു

കണ്ടിട്ടും കാണാതെ പോകുമാ മാനവ-
ഹൃത്തിലെ കനലാളും അഗ്നിയായി
ഒറ്റയ്ക്കൊരാമരുപ്പച്ചയിലെങ്ങും
ദാഹിച്ചു മൃത്യുവണഞ്ഞിടേക്കാം
പാഴിരുളിൽ പാൽപുഞ്ചിരിയായ് നറു-
തേൻമലരായവൾ പൂവിടർത്തും
ആരോരുമില്ലാതെയേകാന്തവീഥിയിൽ
ആരുമറിയാതവൾവിടരും
ഭൂമിതന്മാറിലും തേങ്ങലായ് മാറുന്ന
ദൈന്യതയുൾക്കൊണ്ട പുഞ്ചിരിയായ്
ഇനിയും പഠിക്കാത്ത മാനവഹൃത്തിലെ
നോവായിനീയിന്നു മാറിടുമോ?



ദേവിക
8 A

# പറവ

നീലാകാശത്തിൽ ചിറകേറിവാ
നീലക്കുയിലമ്മേ നീ പാറിവാ
കാറ്റിന്റെ ഓളം തല്ലി കുയിലമ്മേ നീ പാറിവാ.

നീലാകാശത്തിൽ വർണ്ണമേകുവാൻ
പാറിവാ എൻ കുയിലമ്മേ
വാനം മുട്ടോളം പറന്നുനടക്കുമെൻ
കുയിലമ്മേ.................
നീലാകാശത്തെ സ്വർണ്ണത്തകിടായി നീ പാറിവാ............

മാനത്ത് മഴവിൽസ്വർണം തൂക്കുവാൻ
പാറിവാ..........പാറിവാ...........കുയിലമ്മേ............
വാനം കേൾക്കും ചിറകടി ശബ്ദമായി
നീ പാറിവാ.......പാറിവാ...........എൻ കുയിലമ്മേ......

Vishnu .V
IX-A



# WORLD FAMOUS WOMEN

*Mother Teresa* :The Blessed Teresa of Calcutta,M.C,commonly known as Mother Teresa(26August 1910 - 5 September 1997),was an Albanian -born,Indian Roman Catholic Religious Sister.Mother Teresa founded the Missionaries of Charity,which in 2012 consisted of over 4,500 sisters and is active in 133 countries.They run hospices and homes for peoples with HIV/AIDS,leprosy and tuberculosis;soup kitchens; and mobile clinics;childens's and; and schools."Wholehearted and free service to the poorest of the poor".

*Sonia Gandhi* : Sonia Gandhi is the president of Indian National Congress.She is the wife of Rajiv Gandhi and daughter-in-law of Indira Gandhi,both the former Prime Ministers of India.Italian by birth,Sonia settled in India after getting married to Rajiv Gandhi . She always stood with Rajiv Gandhi in his political activities. After the assassination of Rajiv Gandhi, Sonia became a full time political worker.Now,her son Rahul Gandhi also entered the political field following the foodsteps of his parents.

*Kalpana Chawla* : The name of Kalpana Chawla,conjures up the image of a beautiful dream,rudely interrupted.The first Indian-born woman to fly in space,Kalpana was an Indian American astronut.She was born in Karnal,Hariyana.She jointed the NASA Astronut Crops in 1995 and was selected for her first in 1998. She was one among the seven crew members killed in the space shuttle columbia disaster.

**Athira – IX-A**

## മരത്തിന്റെ കൂട്ടുകാരി

നിറഞ്ഞൊഴുകിയ കണ്ണുനീർ അവൾ തുടച്ചു. അവളുടെ മുഖം ചുവന്നു തുടുത്തു. അവൾക്ക് അതിയായ സങ്കടം വന്നു. കാരണം, അവൾക്ക് ജീവന്റെ ജീവനായ ഒരു വൃക്ഷം ഉണ്ടായിരുന്നു. അത് മുറിച്ചു. അവൾക്ക് അത് സഹിക്കാവുന്നതിനും അപ്പുറമായിരുന്നു.അത് ഒരു ഇലവുമരം ആയിരുന്നു. അത് അവളുടെ അച്ഛൻ മുറിക്കുമെന്നു പറഞ്ഞ നാൾ മുതൽ അവൾ വളരെ ദുഃഖത്തിലായിരുന്നു. എങ്കിലും അവളോട് അമ്മ പറഞ്ഞു , "മോളേ നീ വിഷമിക്കരുത് നിനക്ക് വേറൊരു മരം വെച്ചുപിടിപ്പിക്കാമല്ലോ?"പക്ഷേ അതവൾ തന്നെ വച്ച മരം ആയതുകൊണ്ട് അവൾക്ക് അത് ജീവനായിരുന്നു.ദിവസവും സ്കൂൾ കഴിഞ്ഞു വരുമ്പോൾ അവൾ അതിന് വെള്ളം ഒഴിക്കും.അതിനോടു സംസാരിക്കും. അവൾക്ക് അനിയനോ അനിയത്തിയോ ഇല്ലാ.അവൾ ഒറ്റ മകളാണ്.അവൾ കളിക്കുന്നതും കൂട്ടുകൂടുന്നതും ഒക്കെ ഇലവുമരവുമായാണ്. എന്നും അച്ഛൻ അമ്മയോടു പറയുന്നതായി അവൾ കേട്ടിരുന്നു 'ഇലവുമരം മുറിക്കണം' അമ്മ പറയും "വേണ്ട അത് നമ്മുടെ മോൾ വെച്ച മരമല്ലെ?അവൾക്ക് ഏറ്റവും ഇഷ്ടമുള്ള മരമാണ്.വേണ്ട അതു മുറിക്കണ്ട.അവൾക്ക് അത് ചിലപ്പോൾ താങ്ങാൻ പറ്റില്ല? "എന്നാലും അച്ഛൻ അതൊന്നും കാര്യമാക്കിയില്ല.അച്ഛൻ മരം മുറിക്കുവാൻ ആളെ ഏർപ്പാടാക്കി പക്ഷെ,ഇതൊന്നും അവൾ അറിഞ്ഞിരുന്നില്ല.അന്ന് അവൾ സ്കൂളിൽ പോയി വന്നപ്പോഴേക്കും മരം മറിച്ചു.അവൾ എന്നത്തേയും പോലെ വെള്ളം ഒഴിക്കാനെത്തി.അവൾ സ്തബ്ധയായി നിന്നു.അവളുടെ ഇലവുമരം അതാ ജീവനറ്റു കിടക്കുന്നു. അവൾക്ക് അതു താങ്ങാവുന്നതിനും അപ്പുറമായിരുന്നു.അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.അവൾ മുഖം തുടച്ചു.ആ ജീവനറ്റുകിടക്കുന്ന ഇലവുമരത്തിന്റെ അടുത്തേക്ക്പോയി. അവൾ അതിനെ തന്നെ സൂക്ഷ്മമായി നോക്കി.അതിന്റെ ശരീരം രണ്ടായി മുറിച്ചിരിക്കുന്നത് കണ്ട് അവൾക്ക് വിഷമം അടക്കാൻ കഴി

ഞ്ഞില്ല.
അവൾ വിതുമ്പിക്കൊണ്ട് അതിനെ നോക്കി.പെട്ടെന്ന് അതിന്റെവേരിൽ നിന്ന് തന്നെ മുളച്ച നിൽക്കുന്ന ഇലവുമരം അവളുടെ ശ്രദ്ധായിൽപെട്ടു.അവൾക്കു സന്തോഷമായി.അവൾ പിന്നീട് അതിനെ വളർത്തി വലിയ ഒരു ഇലവുമരമാക്കി. അങ്ങ നെ ഇന്ന് അവൾ വലിയ പെണ്ണായിരിക്കുന്നു ,വലിയ_പ്രകൃതി സ്നേഹിതും,മരങ്ങളെ അവൾ സംരക്ഷിച്ചു.മരം അവളുടെ ജീവ ന്റെ ജീവനാണ്.

ആതിര കൃഷ്ണൻ
8 b

## ജനറൽ നോളജ്

1) ഏതു സമ്മേളത്തിലാണ് എന്ഡോസള്ഫാന് രാജ്യാന്തര തലത്തിൽ നിരോധിക്കാന് തീരുമാനിച്ചത് ?

സ്റ്റോക്കോം കണ്വന്ഷന്

2) സ്റ്റോക്കോം കണ്വന്ഷന് സമ്മേളനം 2011-ല് നടന്നതെവിടെവച്ച്?

ജനീവയില്വച്ച്

3) 2011 മെയ് 2 ന് യു.എസ്.സൈന്യം വധിച്ച അല്ഖ്വെയ്ദ മേധാവിയായ അന്താരാഷ്ട്ര ഭീകരന്

ഉസാമ ബിന്ലാദന്

4) കറുത്തമരണം എന്നറിയപ്പെടുന്ന രോഗം ഏത്

പ്ലേഗ്

5) മികച്ച പാര്ലമെന്റേറിയനുള്ള ആദ്യ അവാര്ഡ് ലഭിച്ചത് ആര്ക്ക് ?

ഇന്ദ്രജിത്ത് ഗുപ്ത

6) ലോകത്തിലെ ഏറ്റവും ഉയരം കൂടിയ യുദ്ധബൂമി ഏത് ?

സിയാച്ചിന്

7) 'കാട്ടിലെ എഞ്ജിനീയര്'എന്നറിയപ്പെടുന്നതാര് ?

ബീവര്

8) ലോകത്തിലെ ഏറ്റവും വലിയ മൃഗശാല എവിടെയാണ് ?

കര്ണ്ണാടക

9) മിന്നാമിനുങ്ങിന്െറ പ്രകാശത്തിനു കാരണമായ വസ്തു ?

ലൂസിഫെറിന്

10)ഇന്ത്യന് പീനലുകോഡിന്െറ ശില്പി?

മെകാളെ പ്രഭു

***MUHAMMED SHA.N***
***IXD***

# *GENERAL KNOWLEDGE*

1. Which country has recently won the Hopman Cup?
Ans;Australia
2.Who is called father of medicine?
Ans;Hippocrates
3.What is 'Ashes' connected with?
Ans;Cricket
4.The author of our National Anthem?
Ans; Rabindranath Tagore
5.Who is the first Indian woman Astronaut?
Ans;Kalpana Chawla
6.The planet nearest to the earth is
Ans;Venus
7.Where is the national physical laboratory situated?
Ans;New Delhi
8.Who introduced English education in India?
Ans;Lord Macaulay
9.The Asian games is held every________years
Ans;4
10.The boundary line between India and Pakistan is?
Ans;Radcliffe Line
11.Which Indian state touches the boundary of four countries?
Ans;Jammu and Kashmir
12.Name the state in which the classical dance Odissi originated
Ans;Orissa

**SANUSHA**
***IXD***

# 2019 അന്താരാഷ്ട്ര പീരിയോഡിക് ടേബിൾവർഷം

2019 അന്താരാഷ്ട്ര പീരിയോടിക് ടേബിൾ വർഷം (International year of periodic Table):IYPT–2019 ആയി ആചരിക്കാൻ ഐക്യരാഷ്ട്ര തീരുമാനമെടുത്തിട്ടുണ്ട്.ശാസ്ത്രചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്ആവർതനപ്പട്ടികയുടെ രൂപവൽക്കരണം.1869 ൽ റഷ്യൻ ശാസ്ത്രജ്ഞ നായ ദിമിത്രി മെൻഡലീവ് ആവർത്തനപ്പട്ടിക രൂപവതൽകരിച്ചതിന്റെ 150–ാം വാർഷികമാണ് 2019.മൂലകങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറി ച്ചും ആവയുടെ രാസഭൗതികഗുണങ്ങളെക്കുറിച്ചും മനസ്സലാക്കാൻ ആവർത്തനപ്പട്ടിക സഹായിക്കും.അറ്റോമിക നമ്പർ ഒന്നുള്ള ഹൈഡ്രജൻ മുതൽ അറ്റോമിക നമ്പർ 118 ആയ ഒഗനേസണ് വരെ 118 മൂലകങ്ങൾ ഇപ്പോൾ ആവർത്തപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

2015 ഡിസംബറിൽ ആണ് ആവരത്തനപ്പട്ടികയിൽ നിലവിലുള്ള ഒഴിവുകളെല്ലാം നികത്തിയ പുതിയ മൂലകങ്ങളുടെ കണ്ടെത്തൽ ICIPAC പ്രഖ്യാപിച്ചത്.അറ്റോമിക നമ്പർ113,11,117,118 ഉള്ള മൂലകങ്ങൾക്കാണ് ICIPAC ഏറ്റവും ഒടുവില് അംഗീകാരം നൽകിയത്.

2016 നവംബറിൽ ഇവയുടെ പേരുകളെല്ലാം പ്രഖാപിച്ചു. ജപ്പാൻ ശാസ്ത്രജ്ഞരുടെ കണ്ടെത്തലായിരുന്ന 113–മത്തെ മൂലകത്തിന് ജപ്പാന്റെ പേരിനെ (നിഹോൻ) അനുസരിച്ച് നിഹോണിയം (Nh)എന്ന് പേരിട്ടു.

ഏറ്റോമിക നമ്പർ 115 ഉള്ള മൂലകത്തിന് റഷ്യയുടെ മോസ്കോ പ്രദേശത്തിന്റെ പേരിൽ നിന്ന്

E- തൂലിക

മോസ്കോവിയം (Mc)എന്നും 117-മത് മൂലകത്തിൽ അമേരിക്കയിലെ ടെന്നസി എന്ന സ്ഥലപേരിൽ നിന്നു ടെന്നസിില് (Ts) എന്ന് പേര് നൽകി.118 മത്തെ മൂലകത്തിന് ശാസ്ത്രജ്ഞനായ യൂറി ഒഗനേസ്സിയന്റെ ബഹുമാനാര്ഥം ഓ ഗനേസണ് (OG)എന്ന് പേരു നല്കി.

രസതന്ത്രലോകത്തെ അവസാനവാക്കാണ് ഇന്റെർനാ ഷണൽ യൂണിയൻ ഓഫ്പ്യൂർ ആൻഡ് അപ്ലൈഡ് കെമിസ്ട്രി (IUPAC).1919-ൽ ഈ സംഘടനരൂപവൽ കരി ച്ചതിന്റെ 100-ാം വാർഷികവും 2019 ൽ ആഘോ ഷിക്കുന്നു.ഫോസ്ഫറസ് എന്ന മൂലകം ക ണ്ടെത്തിയതിന്റെ 350-ാം വാർഷികവും ഇതോടൊപ്പംകൊണ്ടാടുന്നു

രസതന്ത്രത്തെക്കുറിച്ചും മാനവ പുരോഗതിയ്ക്ക് അത് നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകളെക്കുറിച്ചും ജനങ്ങളിൽ അവ ബോധമുണ്ടാക്കാന് ഈ അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷാചരണത്തിന് കഴിയുമെന്നാണ് പ്രതീ ക്ഷിക്കുന്നത് .

***അമിത.ആർ***

***10 A***

# GENERAL KNOWLEDGE

1) The largest ocean in the world ?
Pacific
2) Which state in India has the largest coast line area?
Gujarat
3)The national flower of Britain?
Rose
4)How many states are there in the U S A?
50
5)Name the first Indian lady to become 'Miss World?
Reita Faria
6)The deficiency of Vitamin-A causes_______?
Night blindness
7)Who is as Saint of the Gutters'?
Mother Teresa
8)Kodanadu (Elephant training centre) is in the district of_______?
Eranakulam
9)What is the national animal of China?
Panda
10)Bihu is the the folk dance of?
Assam

AKHILESH



***1XD***

## പ്രത്യാശ

ഹൃത്തിന് തുടിപ്പില് നനുത്ത കരത്താല്
വിരലോടിച്ചോതി 'വരുംനല്ലതുമാത്രം'
'പ്രത്യശ' യെന്നൊ സ്ഫുലിംഗങ്ങളാക്കി
എനിക്കെഴുതാന് വാക്കുകള്തന്നു
ആലോചന മാധുരിതന്നു,
കണ്ണുകളില് നവ ചാരുത തന്നു
ചേര്ത്തു നിര്ത്തി തഴുകിതലോടി
മനതാരിൽ കുളിർമതന് കാന്തിയേകി
വീഴിന്നനേരം താങ്ങിനിര്ത്തി
നിരാശ തളർത്താന് വെമ്പുന്ന വേളയില്
'വിശ്വാസ' ത്തിന് മൃദു സ്പര്ശത്താല്
പൊക്കിയുയര്ത്തി നെറുകയില് നിര്ത്തി
കാതുകള് സാഗര തരംഗമാക്കി
പാണികൾ നർണ സൃഷ്ടികളാക്കി
ചരണയുഗ്മം ചേതനയാക്കി
ആത്മനൊമ്പരം നിറകതിരാക്കി
ഞാനതില് വിഹായസ്സില്നീന്തിത്തുടിച്ചു
പിയൂഷമാവോളം കിനിഞ്ഞിറക്കി.

സുജ ജോര്ജ്ജ്
മലയാള ഭാഷധ്യാപിക.
***കെ.കെ.എം.ജി.വി.എച്ച്.എസ്.എസ്***

# ഗദ്യകവിത

## മരുപ്പച്ച

*മുകളില് കത്തി ജ്വലിക്കുന്ന സൂര്യന്*
*മരമില്ല പൂവില്ല വയല്യമില്ല*
*എരിയുന്ന തീനാളം പോല്*
*വെന്തെരിയും ചൂടുകാറ്റ്*
*ഒരു വൃക്ഷമെങ്കില്യംകാണാന്*
*കൊതിക്കുന്ന കൊച്ചുതണല്പ്പെന്നില്*
*കുളിര്മയേകാന് കൊതിക്കുന്ന*
*താപം തളര്ച്ച മാത്രമേല്*
*തുടങ്ങിയിട്ടെത്രകാലമായി*
*ഒരു മഴത്തുള്ളിപോല്യം മൊട്ടിട്ടില്ല*
*ഇവിടെയീമരുഭൂനിയില്*
*പച്ചപ്പിനായലയുന്നോര്*
*കണ്ണും നട്ടിരുപ്പാണെന്ന്*
*ദിനന്തോറും ഒരുചെറും ഹരിതത്തിനായ്*
*വിതുമ്പുന്നെന്ന് ആരയുന്നു?*
*വന്നൊരുനാള് തണുത്തൊരു കാറ്റും*
*കറുത്ത കാര്മേഘങ്ങളും*
*അതെന്നെ മൃദമായാലിംഗനം*
*ചെയ്തു മലരും,പുലരിയും*
*വന്നണഞ്ഞു തരുക്കളായിരം*
*പൊങ്ങിവന്ന ചില്ലകളില്*
*ഖഗങ്ങള് തല് ഗാനവും കേട്ടു*
*പളുങ്കു മണി ചിന്നും പോല്*

E- തൂലിക

മഴയെത്തിലുല്ലാസപ്പൂവിടര്ത്തി
ഞാനാമരുപ്പച്ചയിലിരുന്നാ
മാരി നുകര്ത്തു നുകര്ത്തു
കൊതി തീര്ത്തു.

***ATHUL KRISHNAN.T.A***
***IX A***



# കടങ്കഥകൾ

| | | |
|---|---|---|
| വെള്ളം കുടിച്ചാൽ ചത്തുപോകും | - | തീ |
| കണ്ടാൽ തീവണ്ടി, തൊട്ടാൽ ചക്രം | - | തേരട്ട |
| അടിപാറ, നടുവടി, മീതെ കുട | - | ചേന |
| ചെടിയിൽ കായ,കായിൽ ചെടി | - | കൈതച്ചക്ക |
| മുള്ളിനുള്ളിലെ സുന്ദരിക്കുട്ടി | - | റോസാപ്പൂവ് |
| നിലം മാന്തി പൊന്നെടുത്തു | - | മഞ്ഞൾ |
| അടിമുള്ള്, നടുകാട്, തല പൂവ് | - | പൂവൻകോഴി |
| ആകാശത്തെത്തുന്ന തോട്ടി | - | കണ്ണ് |
| ആയിരം തത്തയ്ക്ക് ഒരു കൊക്ക് | - | വാഴക്കുല |
| ഇരുട്ടു പുരയിൽ കുട്ടിയാന | - | പത്തായം |
| പാൽമൊന്തയിൽ കരിമീൻ | - | കണ്ണ് |
| വടി എടുത്താൽ പോത്തോടും | - | വള്ളം |
| കടുക് പൊതിയാനിലയില്ല | - | പുളിമരം |
| മുറ്റത്തെ ചെപ്പിനടപ്പില്ല | - | കിണർ |
| ചുവന്നവൻ പിന്നെ കറുത്തവനാകും | - | മൺക്കലം |
| എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ | - | കുട |
| കാള കിടക്കും കയറോടും | - | മത്ത |
| കാട്ടിലെ മരം നാട്ടിലെ കണക്കപ്പിള്ള | - | നാഴി |
| കുത്തുന്ന കാളക്ക് കണ്ണ് പിന്നിൽ | - | സൂചി |
| ഞെട്ടില്ലാ വട്ടയില | - | പപ്പടം |

നന്ദന .പ്രസാദ്
IX.A

# ആദ്യമായി

*ആദ്യമെൻ അച്ഛനെ ചൂണ്ടി പറഞ്ഞു*
*തന്നതാണ് നിൻ അച്ഛനെന്ന്*
*ആദ്യമെൻ കുരുന്നു നാക്കിൽ മുളപൊട്ടി*
*പൊന്തിയ വാക്കാണ് അമ്മ*
*പിന്നെയും ചൊല്ലി പഠിപ്പിച്ചതെൻ*
*ഗുരുനാഥയാം ഏവരും*

*സത്യവും,ധർമ്മവും,നീതിയുംപഠിപ്പിച്ച്നൽകിയെൻ അച്ഛൻനല്ലതും*
*ചീത്തയും ചൊല്ലി പറഞ്ഞതെൻ അമ്മ*
*എന്നുമെന്നും അറിയാതെ ഓർത്ത് പോം*
*എൻ അമ്മയേം , അച്ഛനേം , ഗുരുനാഥയേയും .*
*ചൊല്ലിപഠിപ്പിച്ച് ഇവർ മൂവരും ചേർന്ന്*
*എന്നെന്നും നല്ലത് മാത്രമെൻ ജീവിതം .*

***ദര്ശന . എം .എസ്***
***X.C***



# ഇന്ത്യ

ഞാൻ പിറന്ന നാട് ഇന്ത്യ
അമ്മയെ പോലെ എന്നെ വളർത്തിയ
എൻ്റ സ്വന്തം ഇന്ത്യ .
ശാന്തിയും സമാധാനവും
നിറഞ്ഞ ഈ ഭാരതത്തിൽ
ഹിന്ദുവും , മുസൽമാനും , ക്രിസ്ത്യാനിയും
ഒത്തുവാഴും ഇന്ത്യ .
പണ്ട് ബ്രിട്ടീഷുകാർ കീഴ്പ്പെടുത്തി
വച്ച എൻെറ് നാടിനെ ഗാന്ധിജി
അഹിംസ എന്ന പടച്ചട്ടയണിഞ്ഞ്
സത്യഗ്രഹത്തിലൂടെ മോചിപ്പിച്ചു
ഒത്തൊരുമയെന്നാൽ
ഇന്ത്യ എന്നർത്ഥം
നാളുകൾ മാറും തോറും
വളർന്നുയരും എൻെറ് ഇന്ത്യ
കാഴ്ചയിൽ നീ ഒന്നുമില്ലായിരിക്കാം
അകമെ നീയൊരു വർണോജ്ജ്വാല !

**സണ്രാജ്**

***IX . A***

# ***<u>WORLD FAMOUS WRITERS</u>***

***<u>William Shakespeare [1564-1616] :</u>*** ***World famous English dramatist and poet born at Stratford. He found the theme for his plays from some small events of day-to-day life. Othello, Macbeth, Merchant of venice, King Lear, Hamlet etc. Are his famous plays through which Shakespeare is remembered as a living hero.***

***Charles Dickens [1812-1870]: It was pickwick papers that made dickens a recognized author among the readers.His immense creative energy made him the most popular novelist of***
***his age. His great contribution include David Copper Field. Barnaby Rudge,OliverTwist, The old curiosity shop,Nicholas nickelby and A Tale of Two Cities.***

***Oscar wilde [1856-1900] : Born in Dublin,Shaw his life-style and sense of humour made him popular his great writings include A Woman of no importance, An Ideal Husband, and The Artist as Critic.***



***Nandana.Prasad***
***IX.A***

# സ്നേഹനിലാവ്

കണ്ണുനീര്ത്തുള്ളികള് അവളുടെകവിളുകളിലൂടെ ഒഴുകി. അവള് ജനല്വാതിലിലൂടെ പുറത്തേക്ക്നോക്കി.

പ്രിയപ്പെട്ട ആരോ നഷ്ടപ്പെട്ടതുപോലെ ഒരു കുയില് ഒറ്റയ്ക്ക് മുറ്റത്ത് തേന്മാവിലിരുന്ന കരയുന്നു.പുല്നാമ്പുകളുടെ അറ്റത്ത് മഞ്ഞുതുള്ളികള് ഇളംവെയിലേറ്റ് തിളങ്ങുന്നു. അത് ഏതോ നവരത്നക്കല്ലുകളായി അവള്ക്ക് തോന്നി. അവള്കസേരയില് നിന്നെഴുന്നേറ്റു., ജനലരികിലേക്കു നടന്നു.ഇന്ന് എഴുന്നേല്ക്കാന് വല്ലാതെ താമസിച്ചു. ഇന്നലെ കിടന്നിട്ടു ഒട്ടും ഉറങ്ങിയില്ല. ഓരോന്നാലോചിച്ചു കിടന്ന് ഉറങ്ങിയതെപ്പൊഴാണെന്ന് അവള് അറിഞ്ഞതേയില്ല.

ഇന്നലെ അമ്മാമ്മയുടെ വീട്ടില്നിന്ന് തിരച്ചു വരുമ്പോള്

ആരോ അവളെ പിന്നിലെക്ക് വലിക്കുന്നതു പോലെ
അവള്ക്കു തോന്നി അമ്മയെക്കുറിച്ച് ഓര്ത്തതു
കൊണ്ടായിരിക്കാം അങ്ങനെ തോന്നിയത്. അവള്ക്ക്
വല്ലാത്ത തളര്ച്ച തോന്നി. പണ്ട് അമ്മാമ്മയുടെ
വീട്ടിലേക്ക് പോകുമ്പോള് എത്ര സന്തോഷമായിരുന്നു.
വയലും പുഴയുമൊക്കെ കടന്ന്, പുല്മേടുകളിലൂടെ നടന്ന്.
എത്ര രസമായിരുന്നു! അമ്മാമ്മയുടെ അടുത്തു ചെന്നാല്
മാങ്ങയും പുളിയുമൊക്കെ കഴിക്കാം. അവിടെ
അമ്മിണിപ്പശുവുമായി കളിക്കാം. എല്ലാം അമ്മാമ്മ
തന്റെ
സ്നേഹം കൊടുത്ത് വളര്ത്തിയതായിരുന്നു. പക്ഷെ
ഇപ്പോള് അമ്മാമ്മയില്ലാത്ത വീട്ടിലെക്ക് പോകുമ്പോള്
വല്ലാത്ത നിശബ്ദതയായിരുന്നു. മുറ്റത്തു നിന്ന മാവും
പുളിയുമെല്ലാം നശിച്ച നിലയിലായിരുന്നു.
അമ്മിണിപ്പശുവിനെ അമ്മാമ്മയുടെ മരണത്തിനു ശേഷം
വിറ്റു. ഇപ്പോള് ആകെയൊരു നിശബ്ദതയാണ്.
അമ്മാമ്മയുടെ മരണത്തിനുശേഷം ആദ്യമായി ആ
വീട്ടിലേക്ക് പോയതായിരുന്നു അവിടെയെത്തിയപ്പോള്
മനസ്സില് എന്തോ വീണുടഞ്ഞതുപോലയവള്ക്ക്

തോന്നി. ആ സ്നേഹനിലാവിനെ കുറിച്ചോര്ത്ത് നിന്ന് സമയം പോയതറിഞ്ഞില്ല. അപ്പോള് അമ്മ വിളിക്കുന്നതവള് കേട്ടു: "അമ്മൂ സ്കൂളില് പോകാന്നേരമാകുന്നു" അവള് ചിന്തയില് നിന്ന് ഞെട്ടിയുണര്ന്നു. നിറഞ്ഞൊഴുകിയ കണ്ണുനീര്ത്തുള്ളികള് വേഗം തുടച്ചിട്ട് അവള് പുറത്തേക്കോടി. അപ്പോഴേക്കും തേന്മാവിന്റെ കൊമ്പിലിരുന്ന തേങ്ങിയ കുയിലും പുല്ലിന്റെ മുനമ്പിലുണ്ടായിരുന്ന മഞ്ഞുതുള്ളിയും അപ്രതീക്ഷമായി

ദേവിക. എം

VIII.A




# കൂട്ടുകാര്‍ വരച്ച ചിത്രങ്ങള്‍













Unni-R
VII-A



Nishana.N
VII-B
Roll No: 25






NAME : Adithyan. O
class : VIII A


PARK
Arjun. A
IX.C


Adithya.J


Adithya.J



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

***നന്ദി***

***ഈ ഡിജിറ്റൽ മാഗസീൻ 'E–തൂലിക' യാഥാർത്ഥ്യമാക്കൻ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു***

## ***ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ***

,